

**എൽദോസ് പി. കുന്നപ്പിള്ളിൽ**
(ഐ.എൻ.സി. – പെരുമ്പാവൂർ)

ശ്രീ. കെ. യു. പൗലോസിന്റെയും ശ്രീമതി മേരി പൗലോസിന്റെയും മകനായി 1978 മേയ് 10-ാം തീയതി എറണാകുളം ജില്ലയിലെ വടക്കൻ മാറാടി എന്ന സ്ഥലത്ത് ജനിച്ചു; എം.കോം., എൽഎൽ.ബി., ബി.എഡ്.; അഭിഭാഷകൻ.

**വഹിച്ച സ്ഥാനങ്ങൾ**

മൂവാറ്റുപുഴ നിർമ്മല കോളേജിലെ മാഗസിൻ എഡിറ്റർ (1997–1998), കോളേജ് യൂണിയൻ ചെയർമാൻ (1998–1999), ജനറൽ സെക്രട്ടറി (1999–2000), എം.ജി. യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ, സ്റ്റുഡന്റ്സ് കൗൺസിൽ മെമ്പർ (2000–2001).

കെ.എസ്.യു.: ജില്ലാ കമ്മിറ്റി ജനറൽ സെക്രട്ടറി (2005–2006), സംസ്ഥാന കമ്മിറ്റി സെക്രട്ടറി (2006–2007).

യൂത്ത് കോൺഗ്രസ് എറണാകുളം ജില്ലാ കമ്മിറ്റി പ്രസിഡന്റ് (2007–2010).

എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (2010–2015).

മൂവാറ്റുപുഴ ബാർ അസോസിയേഷൻ സെക്രട്ടറി (2005), കേരള ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെ രക്ഷാധികാരി, കേരള സംസ്ഥാന ഖാദി ബോർഡ് അംഗം.

എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കെ, ഭാരത സർക്കാരിന്റെ മികച്ച ജില്ലാ പഞ്ചായത്തിനുള്ള അവാർഡ് (2013), നിർമ്മൽ പുരസ്കാരം (2012–2013), കേരള സർക്കാരിന്റെ മികച്ച ജില്ലാ ആസൂത്രണകമ്മിറ്റിക്കുള്ള അവാർഡ്, ആരോഗ്യ കേരളം പുരസ്കാരം (2013), മികച്ച ജില്ലാ പഞ്ചായത്തിനുള്ള പുരസ്കാരം (2014–2015) തുടങ്ങി നിരവധി പുരസ്കാരങ്ങൾ എറണാകുളം ജില്ലാ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി.

വാഷിംഗ്ടൺ ഡി.സി.-യിൽ നടന്ന യു.എസ്. ഗവൺമെന്റിന്റെ ഐ.വി.എൽ.പി. പ്രോഗ്രാമിൽ ഇന്ത്യയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ടു മികച്ച യുവനേതാക്കളിൽ ഒരാളായിരുന്നു.

നിലവിൽ എറണാകുളം ഡി.സി.സി. വൈസ് പ്രസിഡന്റ് (2015 മുതൽ).

പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ നിന്നും 2016-ൽ 14-ാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| അറിയാവുന്ന ഭാഷകൾ | : | മലയാളം, ഹിന്ദി, ഇംഗ്ലീഷ് |
| ഭാര്യ | : | ശ്രീമതി മറിയാമ്മ എബ്രാഹാം |
| കുട്ടികൾ | : | കുമാരി സാറാ മേരി എൽദോസ്<br>മാസ്റ്റർ സെബാസ്റ്റ്യൻ ഇ. കുന്നപ്പിള്ളിൽ<br>മാസ്റ്റർ സാമുവേൽ ഇ. കുന്നപ്പിള്ളിൽ |
| സന്ദർശിച്ച വിദേശ രാജ്യങ്ങൾ | : | യു.എസ്.എ., ആസ്ട്രേലിയ, ദുബായ്, ഖത്തർ, ഈജിപ്ത്, ഇസ്രായേൽ, ജോർദ്ദാൻ, ബഹ്റിൻ |
| ശീലങ്ങൾ | : | വായന, കവിതാ രചന |
| സാഹിത്യ പ്രവർത്തനങ്ങൾ | : | 'എന്റെ ഭ്രാന്തി' എന്ന കവിതാ സമാഹാരമുൾപ്പെടെ അഞ്ഞൂറോളം കവിതകൾ രചിച്ചിട്ടുണ്ട്; നിരവധി കവിതകൾ ആനുകാലികങ്ങളിലും മറ്റു പ്രസിദ്ധീകരണങ്ങളിലും വന്നിട്ടുണ്ട്. |
| സ്ഥിരമേൽവിലാസം | : | കുന്നപ്പിള്ളിൽ ഹൗസ്, പുല്ലുവഴി പി.ഒ., പെരുമ്പാവൂർ, എറണാകുളം-686 678. |
| ഇ-മെയിൽ | : | mlaperumbavoor@gmail.com |

**ടെലിഫോൺ നമ്പർ**

| | | |
|---|---|---|
| ഓഫീസ് | : | 0471-2512586 |
| മൊബൈൽ | : | 94463 00547 |

**തെരഞ്ഞെടുപ്പ് ഫലം**

| | | |
|---|---|---|
| സമ്മതിദായകർ | : | 1,84,654 |
| വോട്ടു ചെയ്തവർ | : | 1,44,171 |
| അഡ്വ. എൽദോസ് പി. കുന്നപ്പിള്ളിൽ (ഐ.എൻ.സി.) | : | 53,484 |
| ശ്രീ. ബാബു ജോസഫ് പെരുമ്പാവൂർ (കെ.ഇ.സി.(എം)] | : | 50,585 |
| ശ്രീമതി ചിത്ര സുകുമാരൻ (റ്റി.റ്റി.പിറ്റിവൈ.) | : | 20,536 |